**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** **12-06-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വങ്ങളുടെയും ദേവസ്വം ക്ഷേത്രങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ദേവസ്വം ബോർഡുകൾ, അവയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ദൈനംദിന പ്രവർത്തനം, ഭരണ നിർവ്വഹണം, ദേവസ്വം ബോർഡുകൾ ഉൾപ്പെട്ട കോടതി വ്യവഹാരങ്ങൾ, ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ തുടങ്ങിയ വിഷയങ്ങൾ വിലയിരുത്തി ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിരവധി യോഗങ്ങൾ ചേർന്നിട്ടുണ്ട്. അത്തരത്തിൽ അവസാനമായി യോഗം ചേർന്നത് 28/05/2024 നാണ്. പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും അതിനനുസരണമായി അനന്തര നടപടികൾ കൈക്കൊള്ളുവാൻ ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>1. കാലവർഷം ആരംഭിക്കാറായ സാഹചര്യത്തിൽ ആയത് മുന്നിൽകണ്ട് ജീർണാവസ്ഥയിലുള്ള ക്ഷേത്രങ്ങളുടെയും മറ്റും സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുക.<br><br>2. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കുക.<br><br>3. ദേവസ്വം ബോർഡുകളുടെ സാമ്പത്തിക അധികാരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുക. |

4. ദേവസ്വം ബോർഡുകളുടെ കൈമോശം വന്ന വസ്തുവകകൾ തിരികെ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയങ്ങൾ, കടമുറികൾ പോലെയുള്ള വ്യാപാര/വാണിജ്യ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുക വഴി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ക്ഷേത്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

കൂടാതെ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള സുപ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്രങ്ങളുടെ ഡിജറ്റലൈസേഷൻ നടപടികൾ നടന്നുവരികയാണ്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിയും മൊബൈൽ ആപ്പ് വഴിയും വഴിപാട് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും UPI ID, QR Code, Swiping Machine എന്നിവ വഴി പണം അടവാക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇതുവഴി വരുമാന വർദ്ധനവും ഉണ്ടായിട്ടുണ്ട്. കൂടാതെ ഇ-ഹുണ്ടി സംവിധാനം മേജർ ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള സാമാന്യം മെച്ചപ്പെട്ട വരുമാനമുള്ള ക്ഷേത്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വഴിപാട് സമ്പ്രദായം, ഓൺലൈൻ വഴിപാട് സമ്പ്രദായം, ഇ-കാണിക്ക തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ ഓൺലൈൻ വഴിപാടുകൾ നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുക വഴിയും സ്പെഷ്യൽ ദർശനത്തിന് നിലവിൽ ഉണ്ടായിരുന്ന സംവിധാനം കൂടുതൽ ജനകീയമാക്കി ഇടത്തട്ടുകാരെ നിയന്ത്രിച്ച് ഭക്തരുടെ കാണിക്ക മുഴുവൻ ക്ഷേത്രത്തിന് ലഭിക്കുന്ന സ്ഥിതി വരുത്തിയത് മൂലവും വിവിധ വഴിപാടുകൾ, തുലാഭാരം എന്നിവയുടെ നിരക്കുകൾ കാലാനുസൃതമായി പുതുക്കിയത് വഴിയും വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള തരിശു വസ്തുക്കൾ ഉപയോഗപ്രദമാക്കി പാർക്കിംഗിനായി ലേലം ചെയ്ത് നൽകി വരുന്നുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലെ കെട്ടിടങ്ങളിലെ മുറികളുടെ വാടകയിനത്തിലും ദേവസ്വം ഭൂമികളിലെ മൈതാനങ്ങൾ താല്കാലിക ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയും വരുമാനം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്രാചാരങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ദേവസ്വം ഭൂമികളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചും വരുമാനം ലഭ്യമാക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ചില ക്ഷേത്രങ്ങളിൽ ഗസ്റ്റ് ഹൗസുകൾ, വിശ്രമ മന്ദിരങ്ങൾ, വിവാഹാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കി വരുന്നുണ്ട്. പുരാവസ്തു-ചരിത്ര പ്രധാന്യമുള്ള നിർമ്മിതികൾ നിലനിൽക്കുന്ന ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചും സവിശേഷമായ ആചാരങ്ങളും സംസ്കാരങ്ങളും നിലനിൽക്കുന്ന ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചും സർക്യൂട്ട് സ്ഥാപിച്ച് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സ്ഥലസൗകര്യമുള്ളതും പ്രധാന റോഡുകൾക്ക് സമീപത്തായി സ്ഥിതി ചെയ്യുന്നതുമായ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള വിവിധ പ്രോജക്ടുകൾ ബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ ക്ഷേത്ര ഭൂമികളിൽ പെട്രോൾ/ഗ്യാസ് ബങ്കുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും നടന്നുവരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളുടെ അധീനതയിലുള്ളതും തരിശായി കിടക്കുന്നതുമായ ചെങ്കൽ പ്രദേശങ്ങളിൽ സൗരോർജ്ജ പാടങ്ങൾ നിർമ്മിക്കുന്നതിനും, പാലക്കാട് ജില്ലയിലെ ശ്രീ ചാത്തൻ കുളങ്ങര ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമിയിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ മുഖാന്തിരം രാജ്യാന്തര സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ചർച്ചകളും പുരോഗമിക്കുകയാണ്. ഗുരുവായൂർ ദേവസ്വം ഗസ്റ്റ് ഹൗസുകൾ നവീകരിച്ച് മികച്ച സേവനം ഉറപ്പാക്കുന്നതിനോടൊപ്പം കാലാനുസൃതമായി ഗസ്റ്റ് ഹൗസുകളുടെ നിരക്കും വർദ്ധിപ്പിച്ചത് മൂലം വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്ര പരിസരത്ത് ഇ-ഹുണ്ടി സ്ഥാപിച്ചത് വഴി ഓൺലൈൻ വഴിയുള്ള കാണിക്കയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭക്തർ

സമർപ്പിക്കുന്ന വിളക്കുകളും മറ്റും എല്ലാ വർഷവും ലേലം ചെയ്ത് നൽകുന്നതു വഴിയും വരുമാനം ലഭ്യമാകുന്നുണ്ട്. ആനക്കോട്ടയിലെ സന്ദർശക ഫീസ്, വാഹന പാർക്കിങ്, ഫോട്ടോഗ്രാഫി എന്നിവയുമായി ബന്ധപ്പെട്ടും വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് കൂടാതെ ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വഴിപാടിതര വരുമാനത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടാകുന്നതാണ്. കൂടൽമാണിക്യം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഠാണാവിലുള്ള പറമ്പിൽ ഒരു ഷോപ്പിങ് കോംപ്ലക്സ് പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മണിമാളിക കെട്ടിടം നിന്നിരുന്ന സ്ഥലത്തും കച്ചേരി വളപ്പിലും ഷോപ്പിങ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ക്ഷേത്ര ജീവനക്കാർ പാലിക്കേണ്ട ക്ഷേത്രാചാരങ്ങളെ സംബന്ധിച്ചും ക്ഷേത്രത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല മുതൽ വടക്കൻ പറവൂർ വരെയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ "ഭക്തസുഖം ക്ഷേത്രദർശനം" എന്ന പേരിൽ പഠന പരിശീലന ക്ലാസ് ആരംഭിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം, പഞ്ചിങ് സമ്പ്രദായം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു. കൂടൽമാണിക്യം ദേവസ്വം ഓഫീസുകളിൽ പഞ്ചിങ് സിസ്റ്റം നടപ്പിൽ വരുത്തുകയും, ക്ഷേത്ര കൗണ്ടറുകൾ കമ്പ്യൂട്ടർവത്കരിക്കുകയും ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

ക്ഷേത്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ക്ഷേത്രങ്ങളിലും ഭക്തജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊള്ളുകയും ആയതിന് അനുസരിച്ചുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശബരിമല തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിനായി കഴക്കൂട്ടം, എരുമേലി, ചെങ്ങന്നൂർ, നിലക്കൽ, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലും ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലും വൃക്ഷതൈകൾ, പൂജാപുഷ്പ സസ്യങ്ങൾ, ഔഷധ ചെടികൾ തുടങ്ങിയവ നട്ട് പരിപാലിച്ച് അതുവഴി ദേവസ്വം ഭൂമികൾ ഹരിതാഭമാക്കി പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനായാണ് റവന്യൂ(ദേവസ്വം) വകുപ്പിന് കീഴിൽ സംസ്ഥാന സർക്കാർ "ദേവാങ്കണം ചാരുഹരിതം" പദ്ധതി 2023 ജൂൺ 5 മുതൽ നടപ്പിലാക്കി വരുന്നത്. ഈ വർഷവും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ദേവസ്വം ബോർഡുകൾ ഉൾപ്പെട്ട കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ദേവസ്വങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നതിനാൽ ആയത് കോടതിയെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിക്കുവാനും ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ശബരിമല ഉൾപ്പെടെയുള്ള ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർ ഭക്തജനങ്ങളോട് സംയമനമില്ലാതെ പെരുമാറുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>ഭക്തരോട് സംയമനമില്ലാതെ പെരുമാറുന്ന ജീവനക്കാർക്കെതിരെ പരാതിയുടെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഭക്തരോട് മാന്യമായി പെരുമാറുന്നതിനായി ജീവനക്കാർക്ക് ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാർ പാലിക്കേണ്ട ക്ഷേത്രാചാരങ്ങളെ സംബന്ധിച്ചും ക്ഷേത്രത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുള്ളതായും ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്. കൂടാതെ പാറശ്ശാല മുതൽ വടക്കൻ പറവൂർ വരെയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ "ഭക്തസുഖം ക്ഷേത്രദർശനം" എന്ന പേരിൽ പഠന പരിശീലന ക്ലാസ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | ക്ഷേത്ര ജീവനക്കാർ പാലിക്കേണ്ട ക്ഷേത്രാചാരങ്ങളെ സംബന്ധിച്ചും ക്ഷേത്രത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| | ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | ഭക്തരോട് സംയമനമില്ലാതെ പെരുമാറുന്ന ജീവനക്കാർക്കെതിരെ പരാതിയുടെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഭക്തരോട് മാന്യമായി പെരുമാറുന്നതിനായി ജീവനക്കാർക്ക് ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാർ പാലിക്കേണ്ട ക്ഷേത്രാചാരങ്ങളെ സംബന്ധിച്ചും ക്ഷേത്രത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുള്ളതായും ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്. കൂടാതെ പാറശ്ശാല മുതൽ വടക്കൻ പറവൂർ വരെയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ "ഭക്തസുഖം ക്ഷേത്രദർശനം" എന്ന പേരിൽ പഠന പരിശീലന ക്ലാസ് ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ക്ഷേത്ര സംബന്ധമായ പ്രവർത്തനങ്ങൾ സംബന്ധിച്ചും ഓഫീസ് നടപടിക്രമങ്ങളെ സംബന്ധിച്ചും തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്.<br><br>ഭക്തരോട് സംയമനമില്ലാതെ പെരുമാറുന്ന ജീവനക്കാർക്കെതിരെ പരാതിയുടെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഭക്തരോട് മാന്യമായി പെരുമാറുന്നതിനായി ജീവനക്കാർക്ക് ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാർ പാലിക്കേണ്ട ക്ഷേത്രാചാരങ്ങളെ സംബന്ധിച്ചും ക്ഷേത്രത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുള്ളതായും ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്. കൂടാതെ പാറശ്ശാല മുതൽ വടക്കൻ പറവൂർ വരെയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ "ഭക്തസുഖം ക്ഷേത്രദർശനം" എന്ന പേരിൽ പഠന പരിശീലന ക്ലാസ് ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | ക്ഷേത്രങ്ങളുടെ ജീർണോദ്ധാരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതോടൊപ്പം ഭരണനിർവ്വഹണം കാര്യക്ഷമമാക്കി ക്ഷേത്രങ്ങളിലെ വരുമാനം | (ഇ) | ഭരണ നിർവ്വഹണം കാര്യക്ഷമമാക്കിയും വഴിപാടിതര വരുമാനം വർദ്ധിപ്പിച്ചും ദേവസ്വം ബോർഡുകളുടെ |

വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡ്</u>**

വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തരിശു വസ്തുക്കൾ ഉപയോഗപ്രദമാക്കി പാർക്കിംഗിനായി ലേലം ചെയ്ത് നൽകി വരുന്നുണ്ട്. കൂടാതെ ക്ഷേത്രങ്ങളുടെ ഡിജിറ്റലൈസേഷൻ നടപടികളും നടന്നുവരികയാണ്.

**<u>കൊച്ചിൻ ദേവസ്വം ബോർഡ്</u>**

ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിയും മൊബൈൽ ആപ്പ് വഴിയും വഴിപാട് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും UPI ID, QR Code, Swiping Machine എന്നിവ വഴി പണം അടവാക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇതുവഴി വരുമാന വർദ്ധനവും ഉണ്ടായിട്ടുണ്ട്. കൂടാതെ ഇ-ഹുണ്ടി സംവിധാനം മേജർ ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലെ കെട്ടിടങ്ങളിലെ മുറികളുടെ വാടക വർദ്ധിപ്പിച്ചും ദേവസ്വം ഭൂമികളിലെ മൈതാനങ്ങൾ താല്ക്കാലിക ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയും വരുമാനം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്രാചാരങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ദേവസ്വം ഭൂമികളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചും വരുമാനം ലഭിക്കുന്നുണ്ട്.

**<u>മലബാർ ദേവസ്വം ബോർഡ്</u>**

ക്ഷേത്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ക്ഷേത്രങ്ങളിലും ഭക്തജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, സാമാന്യം മെച്ചപ്പെട്ട വരുമാനമുള്ള ക്ഷേത്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വഴിപാട് സമ്പ്രദായം, ഓൺലൈൻ വഴിപാട് സമ്പ്രദായം, ഇ- കാണിക്ക തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം, പഞ്ചിങ് സമ്പ്രാദയം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ചില ക്ഷേത്രങ്ങളിൽ ഗസ്റ്റ് ഹൗസുകൾ, വിശ്രമ മന്ദിരങ്ങൾ, വിവാഹാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നിവ

നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കി വരുന്നുണ്ട്. പുരാവസ്തു-ചരിത്ര പ്രധാന്യമുള്ള നിർമ്മിതികൾ നിലനിൽക്കുന്ന ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചും സവിശേഷമായ ആചാരങ്ങളും സംസ്കാരങ്ങളും നിലനിൽക്കുന്ന ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചും സർക്യൂട്ട് സ്ഥാപിച്ച് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സ്ഥലസൗകര്യമുള്ളതും പ്രധാന റോഡുകൾക്ക് സമീപത്തായി സ്ഥിതി ചെയ്യുന്നതുമായ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള വിവിധ പ്രോജക്റ്റുകൾ ബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ ക്ഷേത്ര ഭൂമികളിൽ പെട്രോൾ/ഗ്യാസ് ബങ്കുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും നടന്നുവരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളുടെ അധീനതയിലുള്ളതും തരിശായി കിടക്കുന്നതുമായ ചെങ്കൽ പ്രദേശങ്ങളിൽ സൗരോർജ്ജ പാടങ്ങൾ നിർമ്മിക്കുന്നതിനും ശ്രമം നടത്തിവരുന്നുണ്ട്. പാലക്കാട് ജില്ലയിലെ ശ്രീ ചാത്തൻ കുളങ്ങര ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമിയിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ മുഖാന്തിരം രാജ്യാന്തര സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ചർച്ചകളും പുരോഗമിക്കുകയാണ്.

**ഗുരുവായൂർ ദേവസ്വം**

ഗുരുവായൂർ ദേവസ്വത്തിൽ ഓൺലൈൻ വഴിപാടുകൾ നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുക വഴിയും സ്പെഷ്യൽ ദർശനത്തിന് നിലവിൽ ഉണ്ടായിരുന്ന സംവിധാനം കൂടുതൽ ജനകീയമാക്കി ഇടനിലക്കാരെ നിയന്ത്രിച്ച് ഭക്തരുടെ കാണിക്ക മുഴുവൻ ക്ഷേത്രത്തിന് ലഭിക്കുന്ന സ്ഥിതി വരുത്തിയത് മൂലവും വിവിധ വഴിപാടുകൾ, തുലാഭാരം എന്നിവയുടെ നിരക്കുകൾ കാലാനുസൃതമായി പുതുക്കിയത് വഴിയും വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ചെലവ് കുറയ്ക്കുന്നതിനായി ക്ഷേത്രത്തിലേക്ക് ആവശ്യമായ പാൽ, നെയ്യ്, വെണ്ണ, തൈര് മുതലായവ ഉല്പാദിപ്പിക്കാൻ നല്ലയിനം പശുക്കളെ വളർത്തുകയും തീറ്റയ്ക്കായി പച്ചപ്പുൽ കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു.

ഗുരുവായൂർ ദേവസ്വം ഗസ്റ്റ് ഹൗസുകൾ നവീകരിച്ച് മികച്ച സേവനം ഉറപ്പാക്കുന്നതിനോടൊപ്പം കാലാനുസൃതമായി ഗസ്റ്റ് ഹൗസുകളുടെ നിരക്കും വർദ്ധിപ്പിച്ചത് മൂലം വരുമാനം വർദ്ധിപ്പിക്കാൻ

| | | | | |
|---|---|---|---|---|
| | | | | സാധിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്ര പരിസരത്ത് ഇ-ഹുണ്ടി സ്ഥാപിച്ചത് വഴി ഓൺലൈൻ വഴിയുള്ള കാണിക്കയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭക്തർ സമർപ്പിക്കുന്ന വിളക്കുകളും മറ്റും എല്ലാ വർഷവും ലേലം ചെയ്ത് നൽകുന്നതു വഴിയും വരുമാനം ലഭ്യമാകുന്നുണ്ട്. ആനക്കോട്ടയിലെ സന്ദർശക ഫീസ്, വാഹന പാർക്കിങ്, ഫോട്ടോഗ്രാഫി എന്നിവയുമായി ബന്ധപ്പെട്ടും വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് കൂടാതെ ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വഴിപാടിതര വരുമാനത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടാകുന്നതാണ്.<br><br>**കൂടൽമാണിക്യം ദേവസ്വം**<br><br>ദേവസ്വം ഓഫീസുകളിൽ പഞ്ചിങ് സിസ്റ്റം നടപ്പിൽ വരുത്തുകയും, ക്ഷേത്ര കൗണ്ടറുകൾ കമ്പ്യൂട്ടർവത്കരിക്കുകയും ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടൽമാണിക്യം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഠാണാവിലുള്ള പറമ്പിൽ ഒരു ഷോപ്പിങ് കോംപ്ലക്സ് പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മണിമാളിക കെട്ടിടം നിന്നിരുന്ന സ്ഥലത്തും കച്ചേരി വളപ്പിലും ഷോപ്പിങ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ